മായി ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യങ്ങൾ കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിക്കുക എന്നത് സമസ്ത കേരളീയരുടെയും കർത്തവ്യമാണ്. ഈ കൂട്ടായ്മയിൽ ഒരു തരത്തിലുള്ള വിഭാഗീയതയ്ക്കും പ്രസക്തിയില്ല. കേന്ദ്ര ഗവൺമെന്റിന്റെ വിനാശകരമായ നടപടികൾക്കെതിരെ ഒറ്റക്കെട്ടായി ശബ്ദമുയർത്തുവാൻ നമ്മൾ ഒന്നിച്ച് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. പുത്തൻ സാമ്പത്തികനയത്തിന് രൂപം നല്കിയവർ അതിന്റെ ഫലമായി കേരളീയരും കേരളത്തിന്റെ കാർഷികമേഖലയും ഇന്ന് അഭിമുഖീകരിക്കുന്ന തകർച്ചയും ദുരിതങ്ങളും മനസ്സിലാക്കി പ്രസ്തുത നയം തിരുത്തുന്നതിന് ആത്മാർത്ഥമായ പുനഃപരിശോധന നടത്തണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

VI. ക്രമപ്രശ്നം

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ഇവിടെ റൂൾ 300 ൽ പറയുന്നത്, A statement may be made by a Minister on a matter of public importance..... ഇവിടെ അങ്ങ് അനുവദിച്ചു അദ്ദേഹം പറഞ്ഞു, ഞാൻ അതിന്റെ മെറിറ്റിലേയ്ക്ക് ഒന്നും പോകുന്നില്ല. പക്ഷേ നിയമസഭയിലുള്ള ഒരു കീഴ്വഴക്കം അദ്ദേഹം ഒരു സ്റ്റേറ്റ്മെന്റ് വായിച്ചു, അവസാനം മുഴുവൻ കേന്ദ്രത്തോടുള്ള ഡിമാന്റ്സാണ്. ഈ സഭയിൽ ഈ വിഷയം വന്നു അടിയന്തിരപ്രമേയമായിട്ട് വന്നു, മന്ത്രിയുടെ മറുപടി വന്നു, മന്ത്രി കുറെ കാര്യങ്ങൾ പറഞ്ഞു, അതിനെ തുടർന്നാണ് പത്ത് എം.എൽ.എ.മാർ നിയമസഭാകവാടത്തിൽ സത്യാഗ്രഹം ഇരിക്കുന്നത്. സർ, ഇവിടെ കേന്ദ്രത്തോട് ചെയ്യേണ്ട കുറേ ഡിമാന്റ്സ് അത് റൂൾ 300 പ്രകാരം ചെയറിനെ തെറ്റിദ്ധരിപ്പിച്ച് സഭയിൽ അവതരിപ്പിച്ചത് ശരിയായില്ല. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണം, ഞങ്ങളൊക്കെ അതിനുവേണ്ടി നില്ക്കുന്നവരാണ്. കേന്ദ്രം അനുവദിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് ഒന്നിച്ചു പറയാം, ഞങ്ങൾക്ക് വിരോധമില്ല, പക്ഷേ ഇവിടെ നടത്തിയ സ്റ്റേറ്റ്മെന്റ് എന്തിനുവേണ്ടി നടത്തിയത് എന്ന് മന്ത്രിക്കുപോലും നിശ്ചയമുണ്ടെന്ന് തോന്നുന്നില്ല. ഒരു ഡിമാന്റിന്റെ ചർച്ചയിൽ ആ ഡിമാന്റിന് മറുപടി പറയുമ്പോൾ പറയേണ്ട കാര്യങ്ങൾ അത് റൂൾ 300 പ്രകാരം കൊണ്ടുവന്ന് അവതരിപ്പിച്ചത് ശരിയായില്ല. ഇത് ഈ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടുള്ള സംഗതിയാണ്, അങ്ങ് ഈ കാര്യത്തിൽ ശ്രദ്ധിക്കണം.

<u>മി. സ്പീക്കർ</u> : അത് പറയാം ചട്ടങ്ങൾക്ക് അനുസരിച്ചാണോ എന്നു പറയാം.

<u>ശ്രീ. പി.പി. തങ്കച്ചൻ</u>: സർ, നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യൂവറിൽ റൂൾ 300-ൽ പറഞ്ഞിട്ടുള്ളത് ഇതുപോലുള്ള സന്ദർഭങ്ങളിൽ ഇതുപോലുള്ള പ്രസ്താവനകൾ നടത്താൻ വേണ്ടിയുള്ളതല്ല, വളരെ അടിയന്തിര പ്രാധാന്യമുള്ള ഒരു പൊതുവിഷയത്തെ സംബന്ധിച്ച് മറ്റു നിലകളിൽ അത് നിയമസഭയെ അറിയിക്കാൻ മാർഗ്ഗം ഇല്ലാതെവരുമ്പോൾ റൂൾ 300 അതൊരു എക്സപ്ഷണൽ കേസാണ്. അതിനുവേണ്ടി ഉപയോഗിക്കാൻ വേണ്ടിയാണ് റൂളിൽ പറഞ്ഞിട്ടുള്ളത്. നിർഭാഗ്യമെന്നു പറയട്ടെ, ആ റൂൾ മുഴുവൻ വയലേറ്റ് ചെയ്ത് ദുരുപയോഗപ്പെടുത്തിക്കൊണ്ട് ആറേഴ് പേജുള്ള ഒരു ഡിമാന്റ് ഡിസ്കഷന് അവസാനം മറുപടി പറയേണ്ടത് അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റ് ചെയ്തിട്ടുള്ള കാര്യങ്ങൾ, ഇനി ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ കേന്ദ്രഗവൺമെന്റിൽ പോയി സമരം ചെയ്യേണ്ട കാര്യങ്ങൾ ആദ്യമായിട്ടാണ് സഭയുടെ ചരിത്രത്തിൽ ഇതുപോലുള്ള ഒരു ദുരുപയോഗം ഈ റൂളിനെ സംബന്ധിച്ച് വന്നിട്ടുള്ളത്. അത് അങ്ങ് കർശനമായി നിയന്ത്രിക്കേണ്ടതാണ്. ഞങ്ങൾക്ക് അതിന്റെ കോപ്പി മുൻകൂട്ടി കിട്ടുന്ന പതിവില്ല, അല്ലെങ്കിൽ അപ്പോൾത്തന്നെ എതിർക്കുമായിരുന്നു. എന്റെ അഭിപ്രായത്തിൽ ഇത് രേഖയിൽ ഉണ്ടാകാൻ പാടില്ല, അനുവദിക്കാൻ പാടില്ല, അനുവദിച്ചതുതന്നെ തെറ്റായി എന്ന അഭിപ്രായമാണ് എനിക്കുള്ളത്.

മി. സ്പീക്കർ : ഇത് സഭയിലെ ഒരു മന്ത്രിക്ക് ലഭിക്കുന്ന പ്രത്യേകതരത്തിലുള്ള ഒരു പ്രിവിലേജ് ആണ്. അംഗങ്ങൾക്ക് ഇല്ല, അതിന് വേറെ റൂൾ ഉണ്ട്. അതാണ് റൂൾ 300. ആ 300 ൽ പറയുന്നത്, A statement may be made by a Minister on a matter of public importance with the consent of the Speaker,..... ഇത്രയേയുള്ളൂ, അത് സിമ്പിൾ ആണ്. അതിൽ ഡിബേറ്റ് പാടില്ല. ക്വസ്റ്റ്യനും പാടില്ല. സ്പീക്കർ നോക്കേണ്ട ചുമതല മാത്രമേയുള്ളൂ. ചെയർ നോക്കേണ്ടത് ഇതുമാത്രമാണ്, അദ്ദേഹം എനിക്ക് എഴുതിത്തന്നു, എഴുതി തന്നിട്ട് രണ്ടു ദിവസം ആയി, അതിന്റെ മാറ്റർ വന്നു, ഇതാണ് വിഷയം, സഭയിൽ വന്നു എന്നുള്ളത് ശരിയാണ്, കുറേ ഭാഗം ഇവിടെ ചർച്ച ചെയ്തു എന്നുള്ളത് ശരിയാണ്. ഒരു തനിയാവർത്തനം എന്നുള്ള നിലയിലല്ല ചെയർ അതിനെ കണ്ടത്, അതിൽ അദ്ദേഹം പല കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. കേന്ദ്രത്തോടും പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ കാര്യം പറഞ്ഞിട്ടുണ്ട്. ചെയ്ത കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്, അങ്ങനെ പല കാര്യങ്ങളും ചേർന്നിട്ടുള്ള സ്വല്പം 'ലെങ്തിയായി' എന്നു വേണമെങ്കിൽ പറയാം, അല്ലാതെ പൊതു പ്രാധാന്യമുള്ള ഒരു സ്റ്റേറ്റുമെന്റ് തന്നെയാണ്, അത് ചട്ടപ്രകാരം തന്നെയാണ്. യാതൊരു ക്രമപ്രശ്നവും നിലനില്ക്കുന്നതല്ല.

VII. സബ്മിഷൻ (തുടർച്ച)

(5) ഇടുക്കി ജില്ലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടത് സംബന്ധിച്ച്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഇടുക്കി ജില്ലയുടെ മലയോരമേഖലയിൽ പത്തു ലക്ഷത്തിലധികം വരുന്ന ജനങ്ങളെ ബാധിക്കുന്ന സുപ്രധാനമായ ഒരു പ്രശ്നമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. ഇടുക്കി ജില്ലാ പഞ്ചായക്ക് രൂപീകരിച്ച രവീന്ദ്രനാഥ് ടാഗോർ അക്കാഡമി ഓഫ് ആർട്സ്, സയൻസ് ആന്റ് മാനേജ്മെന്റ് എന്ന ചാരിറ്റബിൾ സൊസൈറ്റി ഇടുക്കിയിൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടായിരുന്നു. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു ജില്ലാ പഞ്ചായത്ത് മെഡിക്കൽ കോളേജ് സ്ഥാപിക്കുവാൻ തയ്യാറാകുന്നത്. ചികിത്സാരംഗത്ത് പൊതുവേയും വിദഗ്ദ്ധ ചികിത്സാ രംഗത്ത് പ്രത്യേകിച്ചും പിന്നോക്കം നിൽക്കുന്ന മലയോര മേഖലയിലെ ജനങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ജില്ലാ പഞ്ചായത്ത് വളരെ ശ്രമകരമായ ഈ ഉദ്യമത്തിന് ഒരുങ്ങിയത്. പ്രകൃതിക്ഷോഭങ്ങളും റോഡപകടങ്ങളും നിരന്തരമായി ഉണ്ടാകുന്ന ഇടുക്കി ജില്ലയിൽ യഥാസമയം വിദഗ്ദ്ധ ചികിത്സ ലഭി

LIBRARY ARCHIVES Kerala Legislative Assembly